**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 39** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കളിമൺപാത്ര നിർമാണ സമുദായത്തിന് സംവരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് കളിമൺപാത്ര നിർമ്മാണ സമുദായത്തിന് ഹയർ സെക്കന്ററി, പ്രൊഫഷണൽ കോഴ്സ് എന്നിവയ്ക്ക് ലഭിക്കുന്ന ഒരു ശതമാനം സംവരണം പോലെ എല്ലാ കോഴ്സുകളിലും നിലവിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മറ്റു കോഴ്സുകൾക്കുകൂടി പ്രസ്തുത സംവരണം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** കളിമൺപാത്ര നിർമ്മാണ സമുദായത്തിന് ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകളിലെ ഒരു ശതമാനം സംവരണത്തിന് പുറമെ പ്രൊഫഷണൽ ബിരുദ കോഴ്സുകളിലും മെഡിക്കൽ പി.ജി. ഒഴികെയുള്ള പ്രൊഫഷണൽ പി.ജി. കോഴ്സുകളിലും ഒരു ശതമാനം സംവരണം അനുവദിക്കുന്നുണ്ട്. കൂടാതെ ആർട്സ് & സയൻസ് കോഴ്സുകളിൽ ഒ.ബി.എച്ച്. വിഭാഗത്തോടൊപ്പം ചേർത്താണ് കുശവൻ, കുംഭാരൻ വിഭാഗങ്ങൾക്ക് സംവരണം അനുവദിക്കുന്നത്. സംസ്ഥാനത്തെ വിവിധ ജനവിഭാഗങ്ങളുടെ കൃത്യമായ കണക്കുകൾ അവരുടെ സർക്കാർ സർവ്വീസിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പങ്കാളിത്തം എന്നിവ ശാസ്ത്രീയമായി പഠിച്ചതിന് ശേഷം മാത്രമേ നിലവിലുള്ള സംവരണ തോത് പുനഃക്രമീകരിക്കുന്ന വിഷയം പരിശോധിക്കാൻ കഴിയുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**